കണ്ണൂർ വിമാനത്താവളം

157 (158) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)

1. വിമാനത്താവള നിർമ്മാണത്തിനായി ഇതിനകം 1890.74 ഏക്കർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു.

2. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും പ്രതിരോധ മന്ത്രാലത്തിന്റെയും, ആഭ്യന്തര മന്ത്രാലത്തിന്റെയും വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതികൾ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.

3. വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR), മാസ്റ്റർ പ്ലാൻ, പ്രോജക്ട് ഇൻഫർമേഷൻ മെമ്മോറാണ്ടം തുടങ്ങിയവയ്ക്ക് കണ്ണൂർ വിമാനത്താവള കമ്പനിയുടെ ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്.

4. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ എയർസൈഡ് പ്രവൃത്തികളുടെ കരാർ (EPC I കരാർ) 694 കോടി രൂപയ്ക്ക് 5 നവംബർ 2013-ന് ലാർസൺ & ടൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും മൊത്തം പ്രവൃത്തികളിൽ 35% പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. വിമാനത്താവളത്തിൽ നിന്നുള്ള ആദ്യ പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസത്തിൽ നടത്തണമെന്ന ഉദ്ദേശ്യത്തോടെയാണ് പ്രവൃത്തി നടക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ എയർപോർട്ട്, 2016 മേയ് മാസത്തിൽ പ്രവർത്തനം ഇടങ്ങും.

6. കണ്ണൂർ വിമാനത്താവള ടെർമിനൽ ബിൽഡിംഗിന്റെ കരാർ പ്രവൃത്തി 2014 ജൂൺ 25-ന് എൽ & ഡി (ബി & എഫ്) ഡിവിഷന് 498,69,99,000 രൂപയ്ക്ക് നൽകിയിട്ടുണ്ട്. മൊത്തം പ്രവൃത്തികളിൽ 15% പൂർത്തീകരിച്ചു. 22 മാസമാണ് നിർമ്മാണ കാലാവധി. 2016 മേയ് മാസത്തിൽ പൂർത്തീകരിക്കും.

7. പദ്ധതി നടത്തിപ്പിനാവശ്യമായ ഇക ഓഹരി മൂലധനമായും ബാങ്ക് വായ്പയായും സമാഹരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നുണ്ട്. സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഓഹരി വിഹിതം പൂർണ്ണമായി സമാഹരിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. സ്വകാര്യമേഖലയിലുള്ള ഓഹരി വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. ബാങ്ക് വായ്പകളുടെ കാര്യത്തിൽ 892 കോടി (കനറാ ബാങ്ക് 692 കോടി, സൗത്ത് ഇന്ത്യൻ ബാങ്ക് 125 കോടി, ഫെഡറൽ ബാങ്ക് 75 കോടി) ലഭ്യമാക്കാൻ ധാരണയായിട്ടുണ്ട്.

8. Met Department മായും AAI യുമായും കരാർ ഉടമ്പടി നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലത്തിന്റെ 19 ജൂലൈ 2013-ലെ എ.ചി. 1190/2011 IA - III ഉത്തരവ് പ്രകാരം പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തി തുടങ്ങുന്നതിനുള്ള അനുമതി കേരള മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും 12-12-2013-ലെ PCB/HO/KNR/ICE/02/2013 നമ്പർ അനുമതി പത്ര പ്രകാരം ലഭിച്ചിട്ടുണ്ട്.

(സി) എയർസൈഡ് പ്രവർത്തികളുടെ സാമ്പത്തിക ബിഡ് 5 നവംബർ 2013-ന് തുറക്കുകയും കുറഞ്ഞ തുക കോട്ട് ചെയ്ത M/s LARSEN - & TURBO LTD കമ്പനിക്ക് അന്നുതന്നെ 694 കോടി രൂപക്ക് എയർസൈഡ് വർക്കുകളുടെ (EPC I) കരാർ നൽകുകയും ചെയ്തു. ടെർമിനൽ നിർമ്മാണത്തിന്റെ ഫിനാൻഷ്യൽ ബിഡ് 21 ജൂൺ 2014 തീയതിക്ക് തുറക്കുകയും പ്രവൃത്തി 498,69,99,000 രൂപയ്ക്ക് എൽ &ടി (ബി & എഫ്) ഡിവിഷനെ 25 ജൂൺ 2014-ാം തീയതിയിൽ ഏൽപ്പിക്കുകയും ചെയ്തു.

(ഡി) 2015 ഡിസംബർ മാസത്തിൽ പരീക്ഷണ പറക്കൽ നടത്തുന്നതിനുള്ള രീതിയിൽ പണികൾ പുരോഗമിക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ മേയ് 2016-ന് വിമാനത്താവള പ്രവർത്തനം ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മിഷൻ 676-ൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള കണ്ണൂർ വിമാനത്താവള പദ്ധതി നവരത്ന പദ്ധതികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ബ്ലാക്ക് മെയിൽ കേസ്

158 (159) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലൂ ബ്ലാക്ക്മെയിൽ പെൺവാണിഭ കേസിൽ പ്രതി ബിന്ധ്യാസ് തോമസ്, രണ്ടു പേജുള്ള കത്തിലൂടെ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; കത്തിലെ ആരോപണങ്ങൾ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിവരം വ്യക്തമാക്കുമോ ;

(ബി) ആരോപണവിധേയരായ ജനപ്രതിനിധികൾ ആരൊക്കെയാണ് ; ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരാണിവർ ;

(സി) ആരോപണത്തെ തുടർന്ന് ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാം എതിരെ പോലീസ് കേസ് എടുത്തിട്ടുണ്ട് ;

(ഡി) ബിന്ധ്യാ തോമസിന്റെ പരാതി മാധ്യമങ്ങൾക്ക് ലഭിച്ചതിന്റെ പേരിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയാണ് ?

ഉത്തരം

(എ) ആരോപണങ്ങളെ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടില്ല. കത്തിലെ ആരോപണങ്ങൾ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട് നാല് വനിതാ പോലീസ് ഓഫീസർമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

1. WCPO T 2378 ശ്രീലത, 2. WCPO T 2487 ശോഭിത, 3. WCPO T 3046 ഷിനിലാൽ, 4. WCPO W 2487 വിജയലക്ഷ്മി.

ബ്ലാക്ക് മെയിൽ കേസ്

159 (160) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly